**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 906** **14-10-2026-ൽ മറുപടിയ്ക്ക്**

**പുഴയോരഭിത്തി നിർമ്മാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. പ്രവീൺ

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** പുഴയോരഭിത്തി നിർമ്മിക്കുന്നതിന് ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളും അവയുടെ മാനദണ്ഡങ്ങളും വിശദമാക്കുമോ;

**മറുപടി:** പുഴകളുടെ പാർശ്വ ഭിത്തി സംരക്ഷണത്തിനായുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പൊതുജനങ്ങളുടേയും ജനപ്രതിനിധികളുടേയും പരാതിയുടെ അടിസ്ഥാനത്തിൽ സൈറ്റിലെ ആവശ്യകതക്കനുസരിച്ച് പബ്ലിക് യൂട്ടിലിറ്റി ഉറപ്പാക്കി ബഡ്ജറ്റ്, പ്ലാൻ, നോൺ പ്ലാൻ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി മുൻഗണന ക്രമത്തിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് ഫണ്ട്, RMF, SDRF എന്നിവ വിനിയോഗിച്ചും പുഴ തീര സംരക്ഷണ പ്രവർത്തികൾ നടപ്പിലാക്കി വരുന്നു.

**(ബി)** പുഴയോരഭിത്തി നിർമ്മിക്കുന്നതിന് മുൻഗണന ക്രമം നിശ്ചയിച്ചിട്ടുണ്ടോ, എങ്കിൽ അവയുടെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

**മറുപടി:** പുഴകളുടെ പാർശ്വ ഭിത്തി സംരക്ഷണത്തിനായുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പൊതുജനങ്ങളുടേയും ജനപ്രതിനിധികളുടേയും പരാതിയുടെ അടിസ്ഥാനത്തിൽ സൈറ്റിലെ ആവശ്യകതക്കനുസരിച്ച് പബ്ലിക് യൂട്ടിലിറ്റി ഉറപ്പാക്കി ബഡ്ജറ്റ്, പ്ലാൻ, നോൺ പ്ലാൻ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി മുൻഗണന ക്രമത്തിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് ഫണ്ട്, RMF, SDRF എന്നിവ വിനിയോഗിച്ചും പുഴ തീര സംരക്ഷണ പ്രവർത്തികൾ നടപ്പിലാക്കി വരുന്നു.

**(സി)** കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ പാനൂർ നഗരസഭയിൽ പെരിങ്ങത്തൂർ - നാലുതെങ്ങ് തീരദേശ റോഡ് ശക്തമായ കാലവർഷത്തെ തുടർന്ന് 01-08-2026-ന് പകുതിയോളം ഇടിഞ്ഞ് പുഴയെടുത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

**മറുപടി:** കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ പാനൂർ നഗരസഭയിൽ പെരിങ്ങത്തൂർ - നാലുതെങ്ങ് തീരദേശ റോഡ് ശക്തമായ കാലവർഷത്തെ തുടർന്ന് 01-08-2026-ന് പകുതിയോളം ഇടിഞ്ഞു പുഴയെടുത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ആയതിന് 90 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് 50.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട് (Protecting the Severely damaged portion of Right bank of Mahe river from D/s of Peringathur bridge to Naluthengu in Panoor Municipality in Kannur District) ഫണ്ട് ലഭ്യമാക്കുന്നതിന് വേണ്ടി 2027-28 ബഡ്ജറ്റ് പ്രൊപ്പോസലിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഫണ്ട് ലഭ്യമാക്കുന്ന മുറക്ക് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

**(ഡി)** അടിയന്തര സാഹചര്യം പരിഗണിച്ച് കൂടുതൽ അപകട സാധ്യതയുള്ള മേഖലയിൽ പുഴയോരഭിത്തി നിർമ്മിക്കുന്നതിന് വേഗത്തിൽ ഫണ്ട് അനുവദിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

**<u>മറുപടി:</u>** അടിയന്തര സാഹചര്യം പരിഗണിച്ച് അത്തരം പ്രവൃത്തികൾക്ക് Priority List – ൽ മുൻഗണന നൽകിക്കൊണ്ട് ഫണ്ട് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**